## മുഖമൊഴി

# പ്രവാസത്തിനും വേണ്ടേ ഒരു റിട്ടയർമെന്റ്!

കടലിനക്കരേക്ക് സ്വപ്നങ്ങളുമായി യാത്ര തിരിച്ചത് എന്നും 'അവൻ' മാത്രമായിരുന്നു. യാത്രയുടെ അനുഭവങ്ങൾ അക്ഷരങ്ങളായി പുറത്തുവന്നതും, മലയാളികൾ ലോകത്തെ വായിച്ചതും അറിഞ്ഞതും യാത്ര ചെയ്തതും എല്ലാം അവനിലൂടെ മാത്രമായിരുന്നു. ചരിത്രത്തിലൊരിടത്തും വീടുംനാടും വിട്ട് മാറിത്താമസിക്കേണ്ടിവന്നവളുടെ സന്തോഷവും സന്താപവും യാതനയും വേദനയും ആരും രേഖപ്പെടുത്തിയിട്ടില്ല. പ്രവാസിയുടെ പെണ്ണിനെപ്പറ്റി പറഞ്ഞതും എഴുതിയതുമൊക്കെയും അവളുടെ അടക്കിപ്പിടിച്ച സ്ത്രൈണ വികാരങ്ങളെ കുറിച്ചായിരുന്നു. അവളപ്പറ്റി ഓർക്കുമ്പോൾ കടൽതാണ്ടിയവന് ഉള്ളിലൊരു ഉൾക്കിടിലം- അവൾ നാട്ടിൽ വല്ല വലയിലും വീണിട്ടുണ്ടാകുമോ? ആ ചിന്തയെ ബലപ്പെടുത്തുന്ന വേർപാടിന്റെ ഇക്കിളിപ്പെടുത്തുന്ന നൊമ്പരങ്ങളായി കത്തുപാട്ടുകൾ. അല്ലാതെ, എവിടെയും അവളുടെ അനുഭവങ്ങളെ, പ്രവാസിയായി പോയവളുടെ നൊമ്പരങ്ങളെ, ആ യാത്ര അവൾക്കു നൽകിയ സർഗാത്മകതയെ പകർത്തിയെഴുതാൻ ആരുമുണ്ടായില്ല. ആരും അനുവദിക്കാത്തതുപോലെ അവളും ഇതൊന്നും ആവിഷ്കരിക്കാൻ ഒരുമ്പെട്ടില്ല. അഞ്ച് കൊല്ലം കൂടി കഴിഞ്ഞാൽ നമ്മുടെ പ്രവാസത്തിന് സർക്കാർ കണക്ക് പ്രകാരം റിട്ടയർമെന്റ് പ്രായം തികഞ്ഞു. ഇനിയെങ്കിലും പ്രവാസത്തിന്റേതായി ഒരു സ്ത്രീയാവിഷ്കാരം ഉണ്ടാകുമോ? *ആരാമം* അതിലേക്കൊരു ചുവടുവെപ്പാണ്. പ്രവാസി സ്ത്രീകളുടെ ചിന്തകളിലൂടെയാണ് ഇത്തവണ *ആരാമത്തിന്റെ* യാത്ര...

